## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 450

02.12.2014-ൽ മറുപടിക്ക്

## സുവർണ്ണ കേരളം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.പി. മുഹമ്മദ് :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. ഷാഫി പറമ്പിൽ : | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) | |
| (എ) | സുവർണ്ണ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ എത്ര സാമ്പത്തിക ഭദ്രതയുള്ള സഹകരണ സംഘങ്ങൾ മുഖേനയാണ് ആധുനിക കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുവാനുള്ള സാങ്കേതിക വിദ്യ കൈമാറുവാൻ ഉദ്ദേശിക്കുന്നത് ; | (എ) | സംഘങ്ങളുടെ സാമ്പത്തിക ശേഷി സംബന്ധിച്ച് യാതൊരു മാനദണ്ഡവും സുവർണ്ണകേരളം പദ്ധതി നടപ്പിലാക്കുന്നതിന് നിശ്ചയിച്ചിട്ടില്ല. അതാതു സംഘങ്ങളുടെ പ്രവർത്തന പരിധിയിലുള്ള കേരളത്തിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. സംഘങ്ങളുടെ സാമ്പത്തിക / ഭൗതിക സാഹചര്യങ്ങൾക്കനുസരിച്ച് പദ്ധതി നടപ്പിലാക്കുക എന്നതാണുദ്ദേശിച്ചിരിക്കുന്നത്. |
| (ബി) | അടുക്കളത്തോട്ട നിർമ്മാണം ഉൾപ്പെടെ ഏതെല്ലാം കൃഷിരീതികളും ഉൽപ്പാദനോപാധികളുമാണ് സഹകരണസംഘങ്ങൾ മുഖേന കൈമാറുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) | വീടുകളിൽ അടുക്കളത്തോട്ട നിർമ്മാണം, മട്ടുപ്പാവ് കൃഷി, പോളി ഹൗസ് കൃഷി എന്നിവയും സംഘം പരിധിയിലുള്ള കൃഷി ഭവൻ മുഖേനയുള്ള പ്രവർത്തനങ്ങൾ, ഓരോ പ്രദേശത്ത് ഓരോ സീസണുകൾക്കും യോജിച്ച പച്ചക്കറിയുടെ വിത്തുകൾ/തൈകൾ എന്നിവ പോളി ഫാമുകളിൽ വികസിപ്പിച്ച് അംഗങ്ങൾക്ക് സൗജന്യമായോ / മിതമായ വിലയ്ക്കോ വിതരണം ചെയ്യുന്നതിനും ഓരോ സംഘങ്ങൾക്കും ഗുണമേൻമയും അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ/തൈകൾ എന്നിവ സർക്കാർ കൃഷി ഫാമിൽ നിന്നും സൗജന്യമായി ലഭ്യമാക്കി അംഗങ്ങൾക്ക് നൽകുകയും ചെയ്യുന്നതിനുള്ള പദ്ധതി ലക്ഷ്യമിടുന്നു. പച്ചക്കറി കൃഷിയ്ക്കുള്ള സാധ്യത പരിശോധിച്ച് കൃഷി വായ്പ നൽകുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ